(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ ഏതെല്ലാം വകുപ്പുകളിൽ എത്ര തസ്തികകൾ പുതുതായി സൃഷ്ടിച്ചിട്ടുണ്ട്, അവ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ; ഇതേ കാലയളവിൽ ഏതെല്ലാം വകുപ്പിൽ ഏതെല്ലാം തസ്തികകൾ നിർത്തലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) 31-1-2016-ൽ കാലാവധി അവസാനിക്കുന്ന റാങ്ക് പട്ടികകൾ ഒന്നുംതന്നെ ഇല്ല.

(സി) ഈ സർക്കാരിന്റെ കാലയളവിൽ വിരമിച്ച സംസ്ഥാന സർക്കാർ ജീവനക്കാരുടെ എണ്ണം ഏകദേശം 60904 ആണ്. 31-12-2015 വരെ വിവിധ വകുപ്പുകളിൽനിന്നും പി.എസ്.സി.യെ അറിയിച്ച ഒഴിവുകളുടെ എണ്ണം 143284 ആണ്.

(ഡി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

ചികിത്സാ ധനസഹായം

35 (3135) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ചികിത്സാ ധനസഹായത്തിനുവേണ്ടിയുള്ള അപേക്ഷയിന്മേൽ കണ്ണൂർ ജില്ലാ കളക്ടറുടെ റിപ്പോർട്ട് ആവശ്യപ്പെട്ട് അയച്ച ശ്രീ. അനിൽകുമാർ ടി. വി., കരിവെള്ളൂർ വില്ലേജ് (നമ്പർ 581/വിഐപി/സി.എം/2015), ശ്രീ. പി. ഗോപാലൻ, പെരിങ്ങത്ത്, ആലപ്പടമ്പ് വില്ലേജ് (നമ്പർ 5234/വിഐപി/സി.എം/2015) എന്നിവർക്ക് ചികിത്സാ ധനസഹായം അനുവദിച്ച് ഉത്തരവായിട്ടുണ്ടോ ; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) ധനസഹായത്തിന് ഉത്തരവായിട്ടില്ലെങ്കിൽ, ജില്ലാ കളക്ടറുടെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; ലഭിച്ചിട്ടില്ലെങ്കിൽ ആയതിനുള്ള കാരണം വിശദമാക്കാമോ?

ഉത്തരം

(എ) ശ്രീ. അനിൽകുമാർ ടി. വി., കരിവെള്ളൂർ വില്ലേജ് (നമ്പർ 581/വി.ഐ.പി./സി.എം./2015) എന്നയാൾക്ക് 25-11-2015-ലെ ജി. ഒ. (ആർറ്റി.) നമ്പർ 6263/15/റവ. എന്ന ഉത്തരവ് പ്രകാരം ക്രമ നമ്പർ 10 ആയി 40,000 രൂപ അനുവദിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി* ചേർത്തിരിക്കുന്നു.

ശ്രീ. പി. ഗോപാലൻ, പെരിങ്ങത്ത്, ആലപ്പടമ്പ് വില്ലേജ് (നമ്പർ 5234/വി.ഐ.പി./സി.എം./2015) എന്ന ആളിന്റെ കേസ്സിൽ ജില്ലാ കളക്ടറുടെ റിപ്പോർട്ട് ലഭിച്ചതായി കാണുന്നില്ല. റിപ്പോർട്ട് ലഭിച്ചാലുടൻ അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) ബാധകമല്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly